# കൊളാവിപ്പാലത്തെ അപൂർവ്വ സുഹൃത്തുക്കൾ

**കോ**ഴിക്കോട് ജില്ലയിലെ വടകര താലൂക്കിൽ പയ്യോളിക്കടുത്തുള്ള കൊളാവിപ്പാലം കടൽതീരം കടലാമകളുടെ ആഗമനത്താലും അവയുടെ സംരക്ഷണ പ്രവർത്തനങ്ങളാലും ഇന്ന് ശ്രദ്ധാകേന്ദ്രമായിരിക്കുന്നു.

കടലാമകളിൽ ഏറ്റവും ചെറിയവയെന്നറിയപ്പെടുന്ന 'ഒലീവ് റിഡ്‌ലി' ഇനത്തിൽപെട്ടവയാണ് കൊളാവിപ്പാലത്ത് മുട്ടയിടാനെത്തുന്നത്. 'ഒലീവ് റിഡ്‌ലി' ഒരുതവണ 60 മുതൽ 180 വരെ മുട്ടകളിടും. ഇവയെല്ലാം നാട്ടുകാർ പെറുക്കിയെടുത്ത് ഭക്ഷ്യവസ്തുവാക്കി ഉപയോഗിക്കുകയായിരുന്നു.

1992-ൽ ഹിന്ദുപത്രത്തിൽ വന്ന 'കടലാമകൾക്ക് വംശനാശം സംഭവിക്കുന്നു' എന്ന വാർത്തയാണ് കൊളാവിപ്പാലത്ത് വിരുന്നെത്തുന്ന കടലാമകൾക്ക് രക്ഷയായത്.

വംശനാശ ഭീഷണി നേരിടുന്ന കടലാമകളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ബോധ്യമായ 12 ചെറുപ്പക്കാർ രംഗത്തുവന്നതോടെ കൊളാവിപ്പാലത്തെ ആമകളെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് നാന്ദിയായി. രാത്രികളിൽ തീരത്തുവന്ന് മുട്ടയിടുകയും മണലിൽ കുഴിച്ചിട്ട് തിരിച്ചുപോകുകയും ചെയ്യുന്ന കടലാമകൾക്കും അവയുടെ മുട്ടകൾക്കും ഇവർ സംരക്ഷകരായി. കണ്ടെത്തപ്പെടുന്ന മുട്ടകൾ സംഭരിച്ച് ഓരോരുത്തരും അവരവരുടെ വീട്ടുപരിസരത്ത് കുഴിച്ചിടുകയും വിരിയുന്ന കുഞ്ഞുങ്ങളെ കടലിലേക്ക് പറഞ്ഞയയ്ക്കുകയുമായിരുന്നു ഇവ ചെയ്തിരുന്നത്.

ഈ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുമുമ്പ് കടലാമ മുട്ടകൾ ജനങ്ങൾ സംഭരിച്ച് വില്ക്കുകയും ഭക്ഷ്യവസ്തുവാക്കി ഉപയോഗിക്കുകയും പതിവായിരുന്നു. ആമകളുടെ കാല്പാദങ്ങളുടെ അടയാളങ്ങൾ നോക്കി കണ്ടെടുക്കപ്പെടുന്ന ഈ മുട്ടകൾ യുവാക്കൾ സംരക്ഷണ ചുമതല ഏറ്റെടുത്തതോടെ ഭക്ഷ്യവസ്തു എന്ന അവസ്ഥയിൽനിന്നും മാറി സംരക്ഷിക്കപ്പെടേണ്ട ഒന്നായിത്തീർന്നു.

"ആദ്യകാലങ്ങളിൽ ഈ പ്രവൃത്തി വളരെ ദുഷ്കരമായിരുന്നു. ആമമുട്ടത്തീനികളിൽ നിന്നും വില്പനക്കാരിൽനിന്നും മുട്ടകൾ സംഭരിക്കുക വളരെ ആയാസകരമായിരുന്നു"- സമിതി പ്രസിഡന്റ് ശ്രീ. കെ.സുരേന്ദ്രബാബു പറഞ്ഞു. ഇനിയുള്ള കടലാമകളെങ്കിലും സാരക്ഷിക്കപ്പെടണമെന്ന ബോധത്തിൽനിന്നും 1993-ലാണ് 12 അംഗ ടീം കൊളാവിപ്പാലത്ത് പ്രവർത്തനമാരംഭിച്ചത്.

ഒക്ടോബർ മുതൽ ഫെബ്രുവരി വരെയാണ് ആമകൾ മുട്ടയിടുന്ന സീസൺ. ആദ്യമാസങ്ങളിൽ കൂട്ടമായി ഇവ എത്തുന്നു. രാത്രിയിൽ കടപ്പുറത്ത് കയറിവരുന്ന ഇവ മണലിൽ കുഴികൾ കുത്തി മുട്ടകളിട്ടതിനുശേഷം കുഴിമൂടി തിരിച്ചുപോകുന്നു. തുടർന്ന് മണൽചൂടേറ്റ് 45 മുതൽ 55 ദിവസം വരെയുള്ള കാലയളവിനുള്ളിൽ ഇവ വിരിഞ്ഞ് കുഞ്ഞുങ്ങൾ കടലിലേക്കിറങ്ങിപ്പോകുന്നു.



മുട്ടകൾ സംഭരിക്കലും കുഴിച്ചിടലും കുഞ്ഞുങ്ങളായാൽ ജനങ്ങളുടെ സാന്നിധ്യത്തിൽ അവയെ കടലിലേക്ക് പറഞ്ഞയയ്ക്കലും തുടർന്നപ്പോൾ ഈ പ്രവർത്തിയോട് ജനങ്ങൾക്കും താത്പര്യമുണ്ടാകുന്നതിന് കാരണമായി. ഇതോടെ മനുഷ്യരുടെ ശല്യം ഏറെക്കുറെ ഇല്ലായായി. തുടർന്ന് 'കടലാമകളെ രക്ഷിക്കാൻ യുവാക്കൾ രംഗത്ത്' എന്ന പത്രവാർത്ത കൂടുതൽ ജനങ്ങളെ ഈ പരിപാടിയിലേക്ക് ആകർഷിക്കുകയുണ്ടായി.

1998 വനംവകുപ്പ് ഈ സംരക്ഷണം ഏറ്റെടുത്തു. അവർ രണ്ട് ഹാച്ചറികൾ കെട്ടിക്കൊടുത്തു കീരി, കുറുക്കൻ എന്നിവയിൽനിന്നും മുട്ടകളെ സംരക്ഷിക്കുന്നതിനായി രാത്രികാല കാവലും ഏർപ്പെടുത്തി. അതിനായി ഈ യുവാക്കളെത്തന്നെ ആറു മാസത്തേക്ക് തെരഞ്ഞെടുത്തു. ഇതോടെ അയൽപ്രദേശങ്ങളായ മൂടാടി, പാലക്കുളം, പയ്യോളി എന്നിവിടങ്ങളിൽനിന്നും സംഭരിക്കുന്ന മുട്ടകളും ഇവിടേക്ക് എത്തിക്കുവാൻ തുടങ്ങി. വനംവകുപ്പിന്റെ സഹായങ്ങൾ ലഭ്യമാകുന്നതുവരെ ഈ യുവാക്കൾ സ്വന്തം ബാധ്യതയായി ഏറ്റെടുത്താണ് ഈ സംരക്ഷണം നടത്തിയിരുന്നത്.

കഴിഞ്ഞവർഷം അറുപതോളം ആമകൾ കരയിലെത്തി മുട്ടകളിട്ടു തിരിച്ചുപോയി. ഔപചാരികമായി ഒരു സ്ഥിരം സമിതിക്ക് ഈ യുവാക്കൾ രൂപം നല്കി. 'തീരം പ്രകൃതി സംരക്ഷണ സമിതി' എന്ന പേരിലറിയപ്പെടുന്ന ഈ സമിതി ഇന്ന് ഏറ്റെടുത്തിരിക്കുന്ന പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾ ആമകളെ സംരക്ഷിക്കുന്നതിൽ മാത്രം ഒതുങ്ങിനില്ക്കുന്നില്ല. മണൽക്കൊള്ള വ്യാപകമായി നടക്കുന്ന ഇവിടത്തെ കടൽ ീരം സംരക്ഷിക്കുന്നതിനായി സന്ധിയില്ലാ സമരത്തിലേർപ്പെട്ടിരിക്കുകയാണിവർ.

***പി.ആർ.കൃഷ്ണൻകുട്ടി***